©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2021 ഫെബ്രുവരി 17<br>17th February 2021<br>1196 കുംഭം 5<br>5th Kumbham 1196<br>1942 മാഘം 28<br>28th Magha 1942 | നമ്പർ<br>No. | 782 |


GOVERNMENT OF KERALA

**Local self Government (E.M.) Department**

NOTIFICATION

G.O(P) No.14/2021/LSGD *Thiruvananthapuram, 17th February, 2021*

**S. R. O. No. 190/2021**

Under clause (1) of Article 243K of the Constitution of India, the Governor of Kerala is pleased to appoint Shri. A. Shajahan IAS, Secretary, General Education Department as the State Election Commissioner for the State with effect from the 31st day of March 2021.

By order of the Governor,
SARADA MURALEEDHARAN,
Additional Chief Secretary to Government

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport).

The term of the office of the State Election Commissioner Shri.V. Bhaskaran will expire on the 30th March 2021. The Governor of Kerala is now pleased to appoint Shri. A. Shajahan IAS, Secretary, General Education Department as the State Election Commissioner with effect from the 31st day of March 2021.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.02.17 04:07:18 +05:30

15

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-02-2021

ഫയൽ നം.ഇഎം2/25/2021/തസ്വഭവ. ഇനം നം: 4599

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള നിലവിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാലാവധി 30.03.2021-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നിയമനം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

11/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്.

pm.
SO (Em)
pl. take
urgent n/a.
11/2
D8.

Scanned with CamScanner

4597

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഇഎം2/25/2021/ത.സ്വ.ഭ.വ |
| 2. | വകുപ്പ് | തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ് |
| 3. | വിഷയം | തദ്ദേശ സ്വയം ഭരണ വകുപ്പ് - കേരള സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള നിലവിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ കാലാവധി 30.03.2021 ന് അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നിയമനം - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.02.2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ബാധകമല്ല |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീമതി. സുനിത. ഐ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദാ മുരളീധരൻ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 06.02.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.02.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.എ.സി. മൊയ്തീൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.02.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 09.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 10/02/2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | സ.ഉ.(ആർ.ടി).നം.14/2021/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നമ്പർ. 190/2021-തീയതി 17/02/2021 |

Scanned with CamScanner

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

നിലവിലുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ 30.03.2021 ന് വിരമിക്കുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പുതിയ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

**2.** ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243(K) വകുപ്പ് (1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ വോട്ടർപട്ടിക തയ്യാറാക്കലും, തിരഞ്ഞെടുപ്പ് നടത്തുന്നതും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ്. നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് ബഹു. കേരള ഗവർണർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നതും, കമ്മീഷണറുടെ സേവന വ്യവസ്ഥകളും കാലാവധിയും തീരുമാനിക്കുന്നതും.

**3.** സർക്കാർ ഉത്തരവ് (അച്ചടി) 18/2016/ത.സ്വ.ഭ.വ. തീയതി 23.03.2016 പ്രകാരം നിയമിതനായ നിലവിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ, ശ്രീ. വി.ഭാസ്കരൻ 31.03.2016 ന് കമ്മീഷണറായി ചുമതലയേറ്റിരുന്നു.

**4.** 1999 – ൽ ഭേദഗതി വരുത്തിയ 1993 ലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ (സേവന വ്യവസ്ഥകൾ) ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർക്ക് ചുമതല ഏൽക്കുന്ന തീയതി മുതൽ പരമാവധി 5 കൊല്ലമോ 65 വയസ്സ് പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം പ്രസ്തുത തീയതി വരെ കമ്മീഷണറായി തുടരാവുന്നതാണ്. അതനുസരിച്ച് ശ്രീ. വി. ഭാസ്കരൻ, 30.03.2021 -ന് സ്ഥാനം ഒഴിയുന്നതാണ്.

**5.** പുതിയ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറെ നിയമിക്കുന്നതിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ശ്രീ. എ ഷാജഹാൻ ഐഎഎസ് നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഉത്തരവിട്ടിരുന്നു.

### തീരുമാനമെടുക്കേണ്ട വിഷയം

പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയായ ശ്രീ. എ. ഷാജഹാൻ ഐഎഎസ് നെ 31.03.2021 മുതൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ആയി നിയമിക്കുവാൻ ബഹു. ഗവർണറോട് ശുപാർശ ചെയ്യാവുന്നതാണോ?

Scanned with CamScanner